## പഴയ കാലം

# ഉറൂബ് എന്ന നടൻ

**ടി. വേണുഗോപാലൻ**

ഇടശ്ശേരിയും പി.സി. കുട്ടിക്കൃഷ്ണനും (ഉറൂബ്) ഞങ്ങൾ ഏതാനും പേരും തിരുനാവായപ്പുഴയുടെ നീർച്ചാലും മണപ്പുറവും രാവിലെ മുതൽ തപ്പുകയാണ്. തലേന്നു രാത്രി പൊന്നാനി താലൂക്ക് കേന്ദ്ര കലാസമിതിയുടെ വാർഷിക സമ്മേളനം കലാപരിപാടികളോടെ കഴിഞ്ഞതേയുള്ളൂ. നാടകത്തിലെ നടിക്ക് അണിയാൻ ഒരു മാല വേണം. അടുത്തുള്ള ഒരു വീട്ടിൽനിന്ന് എന്റെ അമ്മാമൻ ഗോപാലക്കുറുപ്പിന്റെ പരിചയത്തിൽ ഒരു മാല ഇരവുവാങ്ങി. രാത്രി നാടകം കഴിഞ്ഞു നടി അതു ധരിച്ചുതന്നെ ഉറങ്ങി. രാവിലെ പുഴയിൽ പോയി കുളിച്ചു. തിരിച്ചുവന്ന് ഈറൻ മാറ്റുമ്പോൾ മാല കാണാനില്ല. പുഴയിൽ വീണുപോയിരിക്കും. അതാണു ഞങ്ങൾ തപ്പിക്കൊണ്ടിരുന്നത്. വെയിലിനു നല്ല ചൂടായി. എത്ര തെരഞ്ഞിട്ടും മാല കാണുന്ന ലക്ഷണമില്ല. അവസാനം എങ്ങനെയെങ്കിലും പണമുണ്ടാക്കി വീട്ടുകാർക്കു കൊടുക്കാമെന്നു നിശ്ചയിച്ചു. അങ്ങനെ ഉറൂബിന്റെ നേതൃത്വത്തിൽ വീട്ടിൽചെന്ന ഉക്ഷമാപണത്തോടെ സംഗതി വിവരിച്ചു. ഗൃഹനാഥൻ പറയുകയാണ്. "അയ്യോ, പണമോ! അത് ഒരു മുക്കുപണ്ടമായിരുന്നു. അതിനു കാശൊന്നും വേണ്ട." എല്ലാവരും ആശ്വാസത്തോടെ, അദ്ഭുതത്തോടെ തിരിച്ചുപോന്നു.

ഒരു സ്ഥലത്ത് ഇരുന്നുകഴിഞ്ഞപ്പോൾ, ഇടശ്ശേരി പി.സിയോട്: "എടോ, തനിക്ക് ഒരു നല്ല കഥ എഴുതാൻ വകയായി."

പി.സി: "കഥ നന്ന്. എഴുതാമായിരുന്നു. പക്ഷേ, ആണുങ്ങൾ അതു കുറെ മുൻപെ എഴുതിപ്പോയി."

ഇടശ്ശേരിക്കു മനസ്സിലായില്ല. പി.സി. സംഗതി വിവരിച്ചു. ഫ്രഞ്ച് സാഹിത്യകാരനായ മോപ്പസാന്റെ 'കൃത്രിമ രത്നങ്ങൾ' എന്ന കഥ. ഒരു പാർട്ടിക്കു പോവാൻ ഒരു പെൺകുട്ടി അയൽ വീട്ടിൽനിന്ന് ഒരു രത്നമാല കടം വാങ്ങിയതും അതു കൈമോശം വന്നപ്പോൾ വളരെ കഷ്ടപ്പെട്ട് പണം ഉണ്ടാക്കി പുതിയ മാല വാങ്ങിച്ചെന്നും താൻ തന്നതു കൃത്രിമ രത്നങ്ങളായിരുന്നുവെന്നു പറഞ്ഞു വീട്ടുടമ സമാധാനിപ്പിച്ചതുമായ പ്രസിദ്ധമായ കഥ.



**എഴുത്തുകാരനായ ഉറൂബിനെയല്ലാതെ നാടകക്കാരനായ ഉറൂബിനെ എത്ര പേർക്കറിയാം? പൊന്നാനിയിൽ അദ്ദേഹത്തിന് അങ്ങനെയും ഒരു അവിസ്മരണീയമായ കാലമുണ്ടായിരുന്നു എന്ന് ഒപ്പം അഭിനയിച്ചിട്ടുള്ള ലേഖകൻ**

പിന്നീട് ഈ സംഭവം ഓർക്കുമ്പോൾ, സാഹിത്യമോഷണക്കുറ്റാരോപണത്തിന് ഇരയാവുന്ന എഴുത്തുകാർ പറയാറുള്ള ഔദ്ധത്യത്തോടുകൂടിയ ഒഴികഴിവിനെപ്പറ്റി ഞാൻ ആലോചിക്കാറുണ്ട്. സ്വന്തം അനുഭവം എഴുതിയതാണെന്നാവും സമാധാനം. പി.സിക്കും കഥ എഴുതി, ഇത്തരം ആരോപണങ്ങൾ വരുമ്പോൾ, സ്വന്തം അനുഭവമാണെന്നു പറഞ്ഞുനിൽക്കാമായിരുന്നു. പി.സി. അതിനൊന്നും വഴിവച്ചില്ല. തനിക്ക് അങ്ങനെ ഒരു കഥയുടെ പെരുമ വേണ്ടെന്ന് അദ്ദേഹം നിശ്ചയിച്ചു.

**പൊന്നാനിയിലെ സമ്മേളനം**

പൊന്നാനി താലൂക്ക് കേന്ദ്ര കലാസമിതി സമ്മേളനം ഒരു വലിയ ഏർപ്പാടായിരുന്നു. അന്നു പൊന്നാനി താലൂക്ക് വടക്ക് താനൂർ മുതൽ തെക്ക് ഫോർട്ടുകൊച്ചി വരെയാണ്. ഇപ്പോൾ തൃശ്ശൂർ ജില്ലയിൽപ്പെടുന്ന ഗുരുവായൂർ, ചാവക്കാട്, നാട്ടിക, പുന്നയൂർക്കുളം മുതലായ സ്ഥലങ്ങൾ അന്നു പൊന്നാനി താലൂക്കിലാണ്. വി.ടിയുടെ തൃത്താലപ്രദേശം ഇപ്പോൾ പാലക്കാട് ജില്ലയിലായി. താലൂക്കു മാറിയെങ്കിലും എഴുത്തച്ഛനും വള്ളത്തോളും കുറ്റിപ്പുറത്തു കേശവൻനായരും എം.ഗോവിന്ദനും കെ.സി.എസ്. പണിക്കരും സി. രാധാകൃഷ്ണനുമൊക്കെ പൊന്നാനി ഉൾപ്പെട്ട മലപ്പുറം ജില്ലയിൽ ത്തന്നെ കഴിയുന്നു. പത്രപ്രവർത്തകനെന്ന നിലയ്ക്കും കവി എന്ന നിലയ്ക്കും ബാലപ്രതിഭയായ പഴയ വി.സി. ബാലകൃഷ്ണപ്പണിക്കർ പൊന്നാനി താലൂക്കിൽത്തന്നെ. കെ. ദാമോദരൻ തിരൂർ താലൂക്കുകാരനായി. നാലപ്പാ

ടനും ബാലാമണി അമ്മയും തൃശ്ശൂർ ജില്ലക്കാരും പി.ജെ. ആന്റണിയും എൻ. ഗോവിന്ദൻകുട്ടിയും എഡ്ഡിയുമൊക്കെ എറണാകുളം ജില്ലാക്കാരുമായി. എന്തിന്, തനി പൊന്നാനി കവിയായ അക്കിത്തം തന്നെ ഇപ്പോൾ പാലക്കാട് ജില്ലയിലാണ്! അതേപോലെ, എം.ടി. വാസുദേവൻനായരും.

പഴയ പൊന്നാനി താലൂക്കുകാരായ ഒട്ടുമുക്കാലും സാഹിത്യകാരന്മാരും കലാകാരന്മാരും സമ്മേളനത്തിനുണ്ടായിരുന്നു. പി.ജെ. ആന്റണി പെൺവേഷം കെട്ടി അഭിനയിക്കുന്നത് അന്നാണ് ഞാൻ ആദ്യം കണ്ടത്. പ്രസിദ്ധ നടനായ എഡ്ഡിയുടെ സ്തോഭപൂർണമായ ഏകാഭിനയവുമുണ്ടായിരുന്നു.

പൊന്നാനിക്കാരല്ലാത്ത ഒരുപാട് പ്രശസ്ത സാഹിത്യകാരന്മാർ സമ്മേളനത്തിൽ പങ്കെടുത്തിരുന്നു. സി.ജെ. തോമസും എൻ.വി. കൃഷ്ണവാരിയരും ഒക്കെ അക്കൂട്ടത്തിൽപ്പെടും. ചിറയ്ക്കൽ ടി. ബാലകൃഷ്ണൻനായർ പ്രസംഗിക്കാൻ വന്നത് ഒരു വലിയ ഇരുമ്പുപെട്ടിയും തൂക്കിപ്പിടിച്ചാണ്. അദ്ദേഹം പെട്ടി ആരെയും ഏല്പിക്കില്ല. തിരുനാവായ മണപ്പുറത്തും സമ്മേളനം നടന്ന തവനൂർ മൂവാങ്കര കുന്നിമ്മേലുമൊക്കെ അദ്ദേഹം ആ കൂറ്റൻ പെട്ടിയും തൂക്കിപ്പിടിച്ചു നടന്നു. എന്തോ വിലപ്പെട്ട സാധനം പെട്ടിയിൽ ഉണ്ടെന്നു കണ്ടവരൊക്കെ സംശയിച്ചു. എന്തായിരിക്കും ആ അമൂല്യവസ്തു! "ഏയ്, ഒന്നുമില്ല. ഒരു ജൂബയും മുണ്ടും കാണും; പിന്നെ കുറെ പഴംപാട്ടുകളും." –പി.സി. എല്ലാവരെയും സമാധാനിപ്പിച്ചു. ആരും അതു തട്ടിപ്പറിച്ചെടുത്തിട്ടു കാര്യമില്ലെന്ന മട്ടിൽ. ബാലകൃഷ്ണൻനായരുടെ പ്രസംഗവിഷയം 'നമ്മുടെ പഴംപാട്ടുകൾ' ആയിരുന്നു.

കവിസമ്മേളനത്തിൽ പി. കുഞ്ഞിരാമൻനായർ കവിത വായിക്കുന്ന ഗാന്ധിജിയും ചർക്കയും ഒക്കെ കൂടിക്കലർന്ന കവിത. അതിൽ 'സുദർശനചക്രം' എന്നൊരു പ്രയോഗം ഒരായുധത്തിന്റെ ഭീഷണി ഉണ്ടാക്കി പല


ഉറൂബ്

പാദാന്ത്യത്തിലും ആവർത്തിക്കുന്നുണ്ട്. ആ പദം ചൊല്ലിക്കഴിയുമ്പോഴൊക്കെ കുഞ്ഞിരാമൻനായർ കണ്ണടയിലൂടെ വലത്തെ കടക്കണ്ണ് പി.സി. ഇരിക്കുന്ന ഭാഗത്തേക്കു തീക്ഷ്ണമായി പായിച്ച് ഒരു മിനിട്ട് നിൽക്കും! അടുത്തു ഞാനും ഇരിപ്പുണ്ട്. ഇതു രണ്ടു മൂന്നുവട്ടമായപ്പോൾ, പി.സി. എന്നോട്: "എന്താണെടോ അയാൾ തന്നെത്തന്നെ ഇങ്ങനെ ഭീഷണിപ്പെടുത്തുന്നത്!" എന്നെയല്ല, അദ്ദേഹത്തിന് എന്നെ പരിചയമില്ല. പി.സിയെത്തന്നെയാണ്." ഞാൻ ഇതു പിന്നെയും ആയപ്പോൾ. പി.സി. പറഞ്ഞു– നമുക്കൊന്നു സ്ഥലംമാറിയിരുന്നു നോക്കാം. സ്ഥലം മാറിയിരുന്നപ്പോൾ നോട്ടം വരാതായി. 'സുദർശനചക്രം' അവസാനിച്ചതു കൊണ്ടാണെന്നു ഞാൻ. അല്ല, തന്നെ വീണ്ടും കണ്ടുകിട്ടാഞ്ഞതു കൊണ്ടാണെന്നു പി.സി. എങ്കിലും, എന്താണു പിക്കു തന്നോടൊരു ദേഷ്യം– പി.സി. ആലോചിച്ചു വിഷമിക്കുന്നതായി ഭാവിച്ചു.

സാഹിത്യസമ്മേളനം രാത്രി കഴിഞ്ഞു. അതേ വേദിയിൽ രാവിലെ പൊന്നാനി താലൂക്ക് രാഷ്ട്രീയസമ്മേളനം തുടങ്ങുകയാണ്. അതു മുഖ്യമായും അമ്മാമന്റെ ഷോ ആണ്. പൊന്നാനി താലൂക്ക് കോൺഗ്രസ് കമ്മിറ്റിയുടെ പ്രസിഡന്റായിരുന്നു ഗോപാലക്കുറുപ്പ്. പന്ത്രണ്ടുകൊല്ലം തുടർച്ചയായി ആ സ്ഥാനത്തുണ്ടായിരുന്നു.

കലാസമിതി സമ്മേളനത്തിന്റെ പര്യവസാനത്തെപ്പററി എൻ.വി. കൃഷ്ണവാരിയർ 'ജയകേരള'ത്തിലുള്ള തന്റെ പതിവുപംക്തിയായ 'കേരള ഡയറി'യിൽ എഴുതി: "കോൺഗ്രസുകാർ കല്ലെടുത്തപ്പോൾ ഞങ്ങൾ സ്ഥലം വിട്ടു." എന്തോ ശിലാസ്ഥാപനത്തോടുകൂടിയായിരുന്നു രാഷ്ട്രീയ സമ്മേളനത്തിന്റെ തുടക്കം!

പി.സിക്കു നിത്യജീവിതത്തിൽ തന്നെ ഒരു കഥാകൃത്തിന്റെയും അതിലേറെ ഒരു നടന്റേയും കൊഴുപ്പുണ്ട്. എന്തു സംഗതി പറഞ്ഞാലും അതു ചെറുകഥയാവും; പറയുന്ന സമയത്തുതന്നെ അഭിനയിച്ചു ഫലിപ്പിക്കുകയും ചെയ്യും. നമ്മൾ തന്നെ പി.സിക്കു പറഞ്ഞുകൊടുത്ത ചില്ലറ പരദൂഷണമോ വിശേഷമോ കുറേക്കഴിഞ്ഞ്, നമ്മൾ പറഞ്ഞുകൊടുത്തതാണെന്ന കാര്യം മറന്ന്, നമ്മോടു തന്നെ പൊലിപ്പിച്ചുപറയും. പി. സിയുടെ സംഭാഷണങ്ങൾ ഉടനുടൻ ശബ്ദലേഖനം ചെയ്തു വച്ചിരുന്നെങ്കിൽ ഒരുപാട് ചെറുകഥകൾ അവയിൽനിന്ന് അടർത്തിയെടുക്കാൻ കഴിഞ്ഞേനേ.

ഒരിക്കൽ ഞാൻ കോഴിക്കോട്ടെ പഴയ മാനാഞ്ചിറ നിരത്തിലൂടെ വടക്കോട്ടു പോവുകയാണ്. ഭാര്യ ആവശ്യപ്പെട്ട ഒരു സാധനം വാങ്ങാൻ. ഉച്ചയ്ക്കു 12 മണിയാവുന്നു. പെട്ടെന്നു മുന്നിൽ, കുടയും പിടിച്ച് പി.സി. "എന്താണ് ഈ വെയിലത്തു നടന്ന്?" എന്റെ അമ്പേ

ഷണം. "ഇനി ഇന്നു റേഡിയോ സ്റേറഷനിൽ തിരിച്ചുപോകേണ്ട. അതിനാൽ കൃഷ്ണൻകുട്ടി വൈദ്യരെ ഒന്നു കണ്ടുകളയാമെന്നു തോന്നി." ഈ ആമുഖത്തോടെ പി.സി. സംസാരിക്കാൻ തുടങ്ങി. ഒരു മണിക്കൂർ കഴിഞ്ഞപ്പോൾ, നട്ടവെയിലത്തുനിന്നു വർത്തമാനം കേൾക്കുന്ന എന്നോട് പി.സി: "വേണു, കുടയിലേക്കു ചേർന്നു നിന്നോളൂ."– സംഗതി സീരിയസ് ആവുകയാണ്. വേണുക്കുറുപ്പേ എന്നു വിളിച്ചു പരദൂഷണം തുടങ്ങുന്ന പി.സി. ഗൗരവമുള്ള വിഷയത്തിലേക്കു കടക്കുമ്പോൾ വിളി 'വേണു' എന്നാക്കും. "എനിക്ക് ഒരു സാധനം വാങ്ങി ഊണുകഴിക്കാൻ നേരത്തേക്കു വീട്ടിലെത്തണം." ഞാൻ ഒഴിയാൻ നോക്കി. "അതിനെന്താ, അതൊക്കെ ചെയ്യാമല്ലോ" എന്നു സമ്മതിച്ചു പി.സി. ചങ്ങമ്പുഴയുടെ യൂറോപ്യൻ സാഹിത്യവിജ്ഞാനത്തിലേക്കു കടന്നു. ഒരു മണിക്കൂർ കൂടി കഴിഞ്ഞപ്പോൾ, "നമുക്കു നടക്കാം, കൃഷ്ണൻകുട്ടി വൈദ്യരുണ്ടോ എന്നു നോക്കാം" എന്നായി. വൈദ്യരുണ്ടായിരുന്നില്ല. "വൈദ്യർ പി.സിയുടെ ഉറ്റ സുഹൃത്ത്; അതുവഴി ഞങ്ങളുടെ നല്ല പരിചയക്കാരനും. സ്വന്തമായി വൈദ്യശാല ഉണ്ട്. അല്പം സാഹിത്യരസികനാണ്. പി.സിയുടെയും തിക്കോടിയന്റെയും നിർബന്ധംകൊണ്ട് ചില റേഡിയോ നാടകങ്ങളിൽ അഭിനയിച്ചിട്ടുണ്ട്. (അടുത്തകാലത്ത്, കോഴിക്കോട് ടൗൺ ഹാളിനു മുന്നിൽനിന്നു കിഴക്കോട്ടു പോകുന്ന നിരത്തിന് ഉറൂബ് റോഡ് എന്നു പേരിടാൻ സംഘാടകർ വിളിച്ചത് കൃഷ്ണൻകുട്ടി വൈദ്യരെയാണ്.)

വൈദ്യർ സ്ഥലത്തില്ലെന്നു കണ്ടപ്പോൾ, "ഇനി തനിക്കു ബേപ്പൂരിലുള്ള വീട്ടിൽ ചെന്ന് ഊണു കഴിക്കാൻ സമയമില്ല. നമുക്ക് എന്റെ വീട്ടിലേക്കു പോകാം" എന്നു പറഞ്ഞു പി.സി. എന്നെയുംകൂട്ടി നടന്നു. പി.സിയുടെ വീട്ടിൽ ചെന്ന് ഊണ് കഴിച്ചു; വൈകുന്നേരം ചായ കുടിച്ചു; രാത്രി ഭക്ഷണം കഴിച്ചു. ഫ്രഞ്ച് സാഹിത്യത്തെയും മറ്റും പറ്റിയുള്ള സരസവും വിജ്ഞേയവുമായ പ്രസംഗം കേട്ടു ഞാൻ രാത്രി പത്തരമണിക്കു വീട്ടിൽ തിരിച്ചെത്തി. ടൗണിൽ ബസ്സിറങ്ങിയപ്പോൾ പി.സിയെ കണ്ടു എന്നു ഞാൻ പറഞ്ഞപ്പോൾ, ആവശ്യപ്പെട്ട സാധനം കൊണ്ടുവരാത്തതിന്റെയും വൈകിയതിന്റെയും കാരണങ്ങളൊന്നും ഭാര്യ അന്വേഷിച്ചില്ല. എന്തു പറഞ്ഞു എന്നു ചോദിച്ചപ്പോൾ ഇത്ര കുറച്ചു സമയംകൊണ്ട് എന്തു പറയാൻ എന്ന എന്റെ മറുപടിയും ഭാര്യയ്ക്കു ബോധിച്ചു!

### കബറടക്കം കളി

പതിവുപോലെ പി.സി. ഒരിക്കൽ കുടുംബസമേതം എന്റെ വീട്ടിൽവന്നു. മുറ്റത്ത് എന്റെ നാലു വയസ്സുകാരൻ മകൻ കൂട്ടുകാരോടൊത്തു കളിക്കുകയാണ്. പി.സി. മുറ്റത്തുതന്നെ നിന്നു കുറെനേരം അതു നോക്കി. പിന്നെ എന്റെ കൂടെ വരാന്തയിൽ വന്നിരുന്നു. "വേണുക്കുറുപ്പേ, ഒരു കുട്ടി കബറടക്കം കളിക്കുന്നതു ഞാൻ ആദ്യം കാണുകയാണ്." എന്റെ വീടിന്റെ തൊട്ടടുത്ത് ഒരു മുസ്ലിം പള്ളിയും ശവപ്പറമ്പുമായിരുന്നു. മിക്കവാറും എല്ലാ ദിവസവും കബറടക്കം ഉണ്ടാവും. മുറ്റത്തോ വരാന്തയിലോ നിന്നാൽ, എല്ലാം വിശദമായി 'റിങ് സൈഡിൽ' നിന്നുതന്നെ കാണാം. മകൻ അതൊക്കെ നന്നായി ശ്രദ്ധിക്കാറുണ്ടായിരുന്നു. പിന്നെ, വൈകുന്നേരം കൂട്ടുകാരുടെ കൂടെ അതാവും കളി.

സന്ധ്യയായപ്പോൾ മകൻ വരാന്തയിൽ കയറി, അകത്തേക്കു കടക്കുന്ന വാതിലിന്റെ ഇരു കട്ടിളകളിലും കൈപ്പത്തി അമർത്തിവച്ച് ഉറക്കെ ഒരു വാങ്കുവിളി! പി.സി. അദ്ഭുതംകൊണ്ട് കണ്ണുമിഴിച്ചിരുന്നുപോയി.

ഒരിക്കൽ നാട്ടിൽ ചെന്നപ്പോഴും ഇതുണ്ടായി. മകനും എന്റെ പെങ്ങന്മാരുടെ മക്കളും മുററത്തു കലിക്കുകയാണ്. അച്ഛനും കുറച്ചു സുഹൃത്തുക്കലും വരാന്തയിൽ ഇരുന്നു വർത്തമാനം പറയുന്നു. ഞാനും പെങ്ങന്മാരും ഭാര്യയും അമ്മയുമൊക്കെ അകത്ത്. സന്ധയാവാറായപ്പോൾ, ഉമ്മറത്തുനിന്ന് ഒരു വാങ്കുവിളി! ഞാൻ ഓടിച്ചെന്നു. മകൻ കളിക്ക് ഇടയിൽ വരാന്തയിലേക്കു കയറി അകത്തേക്കുള്ള വാതിലിന്മേൽ പിടിച്ചു പതിവുപോലെ വാങ്കുവിളിക്കുന്നു. അച്ഛനും സുഹൃത്തുക്കലും അദ്ഭുതപ്പെട്ടു നോക്കുകയാണ്. ഞാൻ ചെന്നപ്പോൾ അബ്ദ്റുഹാജി: "ഞങ്ങളുടെ ആൾക്കാർകൂടി ഇത്ര നന്നായി വാങ്കു വിളിക്കില്ല!" മകൻ വീണ്ടും കളിക്കാൻ പോയിക്കഴിഞ്ഞിരുന്നു.

പി.സി. ആദ്യം ഇതു കണ്ടപ്പോൾ പറഞ്ഞതു ഞാൻ ഓർക്കാറുണ്ട്– നമ്മൾ അവഗണിക്കുന്ന വിചിത്രവും ഗൗരവമുള്ളതുമായ എന്തെല്ലാം കാര്യങ്ങൾ കുട്ടികൾ കളികളാക്കി നമ്മെ ഓർമ്മിപ്പിക്കുന്നു!

### കൂട്ടുകൃഷി അരങ്ങേറ്റം

1949–ലാണ്. പി.സി. 'മംഗളോദയം' പത്രാധിപത്യം ഉപേക്ഷിച്ചു കഴിഞ്ഞിട്ടില്ല എങ്കിലും പലപ്പോഴും പൊന്നാനിയിൽ ഉണ്ടാവും. അന്ന് ഇടശ്ശേരിയുടെ 'കൂട്ടുകൃഷി' നാടകത്തിന്റെ കൊയ്ത്തുത്സവത്തിന്റെ തിരക്കാണ്. നാടകകൃത്തും നടന്മാരുമെല്ലാം അരങ്ങത്തു നടാടെ വരുന്നവർ. ഇടശ്ശേരി മുൻപൊരു നാടകമെഴുതിയിട്ടില്ല. ഉറൂബും അക്കിത്തവും ഗോപാലക്കുറുപ്പും മുൻപു നാടകത്തിൽ അഭിനയിച്ചിട്ടില്ല. മറ്റുള്ളവരും സ്കൂൾ നാടകങ്ങളിൽപ്പോലും അഭിനയിച്ചിട്ടുണ്ടോ എന്നു സംശയം.

ഞാൻ കോളേജിൽനിന്ന് ആഴ്ചയിലൊരിക്കൽ നാട്ടിൽ ചെല്ലുമ്പോൾ. അരങ്ങേറാൻ പോകുന്ന ഈ നാടകത്തിന്റെ അണിയറവിശേഷങ്ങൾ അമ്മാമൻ ആവേശത്തോടെ പറയും; ചില ഭാഗങ്ങൾ അഭിനയിച്ചുകാണിച്ചുതരും. പ്രതീക്ഷിച്ചതിനേക്കാൾ എത്രയോ വലിയ സദസ്സാണ് ഈ നാടകത്തിന്റെ അരങ്ങേറ്റത്തിനു പൊന്നാനി മിഷ്യൻ സ്കൂൾ ഗ്രൗണ്ടിൽ എത്തിയിരുന്നത്. കുട്ടികൃ

ഷ്ണമാരാരും മുണ്ടശ്ശേരിയുമൊക്കെ ആ കൂട്ടത്തിലുണ്ട്. നാടക സംവിധാനം പൊന്നാനിക്കാർക്ക് ഒരു കലയായിക്കഴിഞ്ഞിരുന്നില്ല. രംഗസജ്ജീകരണം എന്ന ഒന്നില്ല തന്നെ. അന്നു വൈദ്യുതി ഇല്ല. രണ്ടു പെട്രോമാക്സിന്റെ വെളിച്ചത്തിലാണ് ഒഴിഞ്ഞുകിടന്ന അരങ്ങിൽ എല്ലാ രംഗങ്ങളും അഭിനയിച്ചു തീർക്കുന്നത്. നടന്മാർ രംഗത്തുവന്നു വേണ്ടപോലെ പെരുമാറി വെടിപ്പായി സംഭാഷണങ്ങൾ പറഞ്ഞാൽ നാടകം കേമമായി. അതിന്റെ ആശാന്മാരായി നിന്നത് ഇടശ്ശേരിയും പി.സിയും ഗോപാലക്കുറുപ്പുമാണ്. ഈ പ്രശസ്തരുടെ കൂട്ടത്തിൽ പദ്മനാഭനും ഡേവിഡും ഇ. ഹരിദാസുമൊക്കെ അരങ്ങു തകർക്കുന്നു. ഇടശ്ശേരിയുടെ ഒരു ബന്ധുവായ വൃദ്ധൻ മുതൽ കുട്ടികളായ ഇ. ഹരിദാസും ജോണുമടക്കം 'ആബാലവൃദ്ധം'ജനങ്ങൾ നാടകത്തിൽ അഭിനയിക്കുന്നുണ്ട്.

സദസ്സ് നിർന്നിമേഷരായി ഒന്നര മണിക്കൂർ നേരം ആ നാടകം മുഴുവൻ ഇരുന്നു കണ്ടു. അതു പൊന്നാനിക്കാർക്ക് ഒരു പുതിയ അനുഭവമായിരുന്നു. ഒന്നാമത്, ഒരു കർഷകജാഥ, ജാതിമത വ്യത്യാസമെന്യേ മനുഷ്യസ്നേഹത്തിന്റെ കുളിർമഴ പെയ്യുന്ന കഥാപാത്രങ്ങൾ. നടന്മാർക്കാവട്ടെ, തങ്ങളുടെ നിത്യജീവിതത്തിന്റെ ഭാഗമായ ആ കഥ വേഷംകെട്ടി അഭിനയിക്കുകയാണെന്ന സങ്കോചം ഉണ്ടായതുമില്ല.

പൊന്നാനിക്കു കുറച്ചൊക്കെ വെള്ളരി നാടകങ്ങളുടെ കാലത്തെ ആസ്വാദനപ്രകടനപാരമ്പര്യമാണുണ്ടായിരുന്നത്. നല്ല ഒരു പാട്ടുപാടി മരിച്ചുവീഴുന്ന നടൻ ജനത്തിന്റെ 'വൺസ്മോർ' വിളി കേട്ട് വീണ്ടും എഴുന്നേറ്റു പാട്ടുപാടി പിന്നെയും മരിച്ചുവീഴുന്ന കാലം 'കൂട്ടുകൃഷി'യിൽ ഒരു ഞാറ്റുപാട്ടേ ഉള്ളൂ. എന്നാലും ഉറൂബിന്റെ ഡയലോഗിൽ ഹരംപിടിച്ചു ചില 'വൺസ്മോർ' വിളികൾ ഉണ്ടാകാതിരുന്നില്ല. എന്തു പ്രലോഭനമുണ്ടായാലും പാട്ടുപോലെ ഡയലോഗ് 'വൺസ്മോർ' അടിക്കാൻ പറ്റുമോ! പക്ഷേ, അങ്ങനെ തോറ്റുകൊടുത്തില്ല പൊന്നാനി സദസ്സ്. ചിലർ സ്റ്റേജിൽ കയറിവന്ന്, പണ്ടത്തെപ്പോലെ ഉറൂബിനെയും ഗോപാലക്കുറുപ്പിനെയും ഗിൽറ്റ് മാലകൾ അണിയിച്ചു. കുപ്പായമിടാത്ത നാടൻ കൃഷിക്കാരനായ 'അബൂബക്കർ' (ഉറൂബ്) കൈക്കോട്ടും പിടിച്ച്, പെട്രോമാക്സ് വെളിച്ചത്തിൽ വെട്ടിത്തിളങ്ങുന്ന ഗിൽറ്റ് മാലയുമിട്ട് 'പാടത്തെ' ചളിയിൽ നിൽക്കുന്നു! ഗോപാലക്കുറുപ്പിനു ചില കാലുറുപ്പികത്തുട്ടുകളും കിട്ടി. അരപ്പട്ടയും കോട്ടും ഇട്ട മുസ്ലിം പ്രമാണിയായ 'പോക്കർ' കോപിഷ്ഠനായി' വ്യവഹാരകാര്യസ്ഥൻ 'നമ്പ്യാരു'ടെ കഴുത്തുപിടിക്കുന്ന സമയത്ത് ഒരാസ്വാദകൻ കയറിച്ചെന്നു പിടിത്തം വിടുവിച്ചു കാലുറുപ്പിക വച്ചുകൊടുത്തു കൈപിടിച്ചു കുലുക്കി സന്തുഷ്ടനായി ഇറങ്ങിപ്പോരുന്നു! പതിവുമട്ടിൽ ഗോപാലക്കുറുപ്പ് കാലുറുപ്പികത്തുട്ട് അരപ്പട്ടയുടെ അറയിലിട്ടു അറയിലിട്ടു വീണ്ടും അനന്തരാമയ്യരുടെ ചങ്കിൽ കയറിപ്പിടിച്ച് അഭിനയം തുടരുന്നു. ആരാണു പറഞ്ഞത് ഗദ്യനാടകത്തിൽ 'വൺസ്മോർ' പറ്റില്ലെന്ന്!

ഈ അരങ്ങേറ്റത്തോടെ 'കൂട്ടുകൃഷി'ക്ക് ഒരു പ്രഫഷനൽ നാടകത്തിന്റെ തിരക്കായി. തുടരെത്തുടരെ ബുക്കിങ്ങ്. നാടകത്തിലെ ഒരു മുഖ്യകഥാപാത്രമായ അബൂബക്കറുടെ വേഷത്തിൽ ഉറൂബിനെ ആർക്കെങ്കിലും മറക്കാൻ പറ്റുമോ? അതുപോലെ ഗോപാലക്കുറുപ്പിനെയും. രണ്ടുപേരും പൊന്നാനി മുസ്ലിം ഭാഷയുടെ ഉസ്താദുമാർ. അവരുടെ അനായാസവും അതിരസികനുമായ മുസ്ലിം ഡയലോഗ്. പരുക്കൻ നടനായ വേലുവിന്റെ ഭാഗം എടുത്ത പദ്മനാഭനെ എങ്ങനെ മറക്കും! 'അബൂബക്ക'റുടെ മകളായി വന്ന ബാലനായ ഹരിദാസ് (ഭാര്യവഴി ഇടശ്ശേരിയുടെ അനന്തരവൻ) 'ആയിഷ'യുടെ നിഷ്കളങ്കതയും ശാലീനതയും വികാരനിർഭരതയും അതിന്റെ പാരതമ്യത്തിൽ എത്തിയപ്പോൾ, ഏതാണ് ആ കുട്ടി എന്ന അന്വേഷണമായി. (ആ 'കുട്ടി' പിന്നീട് തെക്കെവിടെയോ ഒരു എസ്റ്റേറ്റിൽ ജോലി കിട്ടി പോയി. ഇപ്പോൾ റിട്ടയർ ചെയ്തിരിക്കണം. അതേപോലെ. ആളുകളെ ആകർഷിച്ച 'സുകുമാരൻ', ഡേവിഡ് വലുതായി എൻജിനീയറിങ്ങ് സൂപ്പർവൈസറായി, തമിഴ്നാട്ടിൽ എവിടെയോ ഒരു അണക്കെട്ടുപണിയിൽ മരിച്ചുപോയി.)